പബ്ലിക് റിലേഷൻ ഡയറക്ടർക്ക് ഡൽഹിയിലേക്ക് പോകേണ്ടി വന്നു. അദ്ദേഹം ഡയറക്ടറായതിനുശേഷം വാങ്ങിയ മൊത്തം യാത്രപ്പടിയായ 8295 രൂപ 25 പൈസയിൽ 5865 രൂപ മേൽപ്പറഞ്ഞ ഡൽഹിയാത്രകൾക്കുവേണ്ടിയാണ് ചെലവായത്.

ഫെസ്റ്റിവൽ അലവൻസ്

1263 [2030] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് കൊടുത്തതു മൂലം സ്റ്റേറ്റിൽ വന്ന അധികചെലവെത്രയാണ്;

(ബി) അടുത്തവർഷത്തിൽ ഫെസ്റ്റിവൽ അലവൻസ് കൊടുക്കുന്നതിന് ഗവൺമെന്റിനു ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) 5 കോടി രൂപ.

(ബി) അതേപ്പറ്റി ആലോചിച്ചിട്ടില്ല.

അക്രഡിറ്റേഷൻ ഉള്ള പത്രലേഖകർ

1264 [2031] ശ്രീ. എം. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അക്രഡിറ്റേഷൻ ഉള്ള എത്ര പത്രലേഖകർ ഉണ്ട്:

(ബി) ഇവരിൽ സ്റ്റേറ്റ് അക്രഡിറ്റേഷൻ ലഭിച്ചവർ എത്ര;

(സി) ജില്ലാതല അക്രഡിറ്റേഷൻ ലഭിച്ചവർ എത്ര;

(ഡി) അക്രഡിറ്റേഷൻ നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്:

(ഇ) ഒരു അക്രഡിറ്റേഷൻ കമ്മിറ്റി നിലവിലുണ്ടോ;

(എഫ്) എത്ര മാസത്തിൽ ഒരിക്കലാണ് കമ്മിറ്റി കൂടുന്നത്;

(ജി) കമ്മിറ്റിയുടെ ചെയർമാൻ ആരാണ്;

(എച്ച്) മറ്റംഗങ്ങൾ ആരൊക്കെയാണ്?

ഉത്തരം

(എ) 173

(ബി) 51

(സി) 122

(ഡി) നിയമാവലിയുടെ ഒരു കോപ്പി അനുബന്ധമായി വെച്ചിട്ടുണ്ട്.*

(ഇ) ഉണ്ട്.

*ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വേണ്ടത്ര അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാലുടൻ കമ്മിറ്റി കൂടും.

(ജി) ഇൻഫർമേഷൻ വകുപ്പുമന്ത്രി.

(എച്ച്) (1) ഡോ. ജോർജ്ജ് വെളിപ്പറമ്പിൽ
(2) ശ്രീ. സി. പി. മമ്മു
(3) ,, എം. എസ്. മധുസൂധനൻ
(4) ,, പി. ഗോവിന്ദപിള്ള
(5) ,, പി. ജെ. കുരിയാക്കോസ്
(6) ,, കെ. എം. റോയി
(7) ,, മലപ്പുറം പി. മൂസ
(8) ,, പബ്ലിക് റിലേഷൻസ് ഡയറക്ടർ.

പ്രദർശനം നിരോധിച്ച മലയാള ചലച്ചിത്രങ്ങൾ

1265 [2332] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻസർ ബോർഡ് പ്രദർശനാനുമതി നൽകിയിട്ടും ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നത് തടഞ്ഞ എത്ര മലയാളപടങ്ങൾ ഈ വർഷത്തിൽ ഉണ്ടായി;

(ബി) അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(സി) കേരളത്തിൽ പ്രദർശനം നിരോധിക്കാതിരുന്ന 'അവളുടെ രാവുകൾ' എന്ന പടം തമിഴ്നാട്ടിൽ നിരോധിച്ച വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഇതിനുള്ള കാരണമെന്തായിരുന്നു?

ഉത്തരം

(എ)&(ബി) സെൻസർ ബോർഡ് പ്രദർശനാനുമതി നൽകിയിട്ടുള്ള ഏതെങ്കിലും മലയാള ചിത്രങ്ങൾക്ക് പ്രദർശനാനുമതി നിഷേധിച്ചിട്ടുള്ളതായ വിവരം ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ ചില ചിത്രങ്ങൾക്ക് നൽകിയിരുന്ന പ്രദർശനാനുമതി പിന്നീട് സെൻസർ ബോർഡ് റദ്ദു ചെയ്യുകയുണ്ടായി. സെൻസർ ബോർഡിന്റെ പ്രദർശനാനുവാദം ഇല്ലാത്ത ചില ഭാഗങ്ങൾ പിന്നീട് കൂട്ടിച്ചേർത്ത് തീയേറ്ററുകളിൽ പ്രദർശിപ്പിച്ചു എന്നതാണ് അനുമതി റദ്ദു ചെയ്യുവാൻ സെൻസർ ബോർഡിനെ പ്രേരിപ്പിച്ച കാരണം.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly